## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Chithra S IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഓൺലൈൻ പൊതു സ്ഥലം മാറ്റം 2025 - പ്രിൻസിപ്പൽ ഡയറക്ടർ നിയമന അധികാരി ആയിട്ടുള്ളതും സംസ്ഥാന തലത്തിൽ സ്ഥലംമാറ്റം നടത്തുന്നതുമായ Senior Secretary / Secretary, Local Self Government Institutions, Assistant Town Planner, Assistant Engineer, Clean City Manager എന്നീ തസ്തികകളുടെ സ്ഥലംമാറ്റ പട്ടിക അന്തിമമാക്കിയും ഓൺലൈൻ ആയി പ്രസിദ്ധീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) സർക്കാർ ഉത്തരവ് (കൈ) നം 46/2024/തസ്വഭവ തീയതി 16.03.2024
2) സർക്കാർ ഉത്തരവ് (കൈ) നം 48/2025/തസ്വഭവ തീയതി 11.03.2025
3) സ. ഉ (സാധാ ) നം. 1081/2025/LSGD, തീയതി 29.04.2025
4) പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2025 തീയതിയിലെ LSGD/PD/335/2025-DED1- നമ്പർ സർക്കുലർ
5) പ്രിൻസിപ്പൽ ഡയറക്ടറുടെ 25.03.2025 തീയതിയിലെ LSGD/PD/335/2025-DED1- നമ്പർ സർക്കുലർ
6) പ്രിൻസിപ്പൽ ഡയറക്ടറുടെ 19.05.2025 തീയതിയിലെ LSGD/PD/335/2025-DED1- നമ്പർ സർക്കുലർ
7) പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025 തീയതിയിലെ LSGD/PD/6478/2024 - DED1-Part(1) നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ LSGD/1785/2025-DEA3 തീയതി: 25-06-2025

തദ്ദേശ സ്വയംഭരണ വകുപ്പിൽ 2025 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻക്യൂബൻസി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനും, പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (4), (5) സർക്കുലറുകൾ പ്രകാരം പുറപ്പെടുവിക്കുകയും, തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ നിയമന അധികാരി ആയിട്ടുള്ളതും സംസ്ഥാന തലത്തിൽ സ്ഥലംമാറ്റം നടത്തുന്നതുമായ തസ്തികകളുടെ കരട് ക്യൂ ലിസ്റ്റ്, കരട് സ്ഥലംമാറ്റ പട്ടിക എന്നിവ പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കരട് ക്യൂ ലിസ്റ്റ്, കരട് സ്ഥലംമാറ്റ പട്ടിക എന്നിവയിന്മേൽ ലഭിച്ച അപ്പീലുകൾ തീർപ്പാക്കി അന്തിമ ക്യൂ ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനതലത്തിൽ സ്ഥലം മാറ്റം നടത്തുന്ന വിവിധ തസ്തികകളിലെ 2025 വർഷത്തെ പൊതു സ്ഥലംമാറ്റ പട്ടിക സോഫ്റ്റ്‌വെയർ മുഖേന അന്തിമമാക്കി https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു.

മേൽ പരാമർശിച്ച അന്തിമ സ്ഥലംമാറ്റ പട്ടിക, അന്തിമ ക്യൂ ലിസ്റ്റ് എന്നിവ https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും ഓഫീസ് മേധാവികൾക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ടി വെബ്സൈറ്റിൽ ടി പട്ടികകൾ

പരിശോധിക്കാവുന്നതും ഡൗൺലോഡ് ചെയ്ത് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ് .

**പൊതു സ്ഥലം മാറ്റ പട്ടിക പ്രകാരം വിടുതൽ ചെയ്യേണ്ട ജീവനക്കാരെ അതത് ഓഫീസ് മേലധികാരി പൊതു സ്ഥലംമാറ്റ സോഫ്റ്റ്‌വെയറിൽ റിലീവ് ചെയ്യേണ്ടതും, റിലീവിംഗ് സർട്ടിഫിക്കറ്റ് ടി സോഫ്റ്റ്‌വെയറിൽ നിന്നും ഡൌൺലോഡ് ചെയ്ത് ഓഫീസ് മേലധികാരി ഒപ്പും സീലും രേഖപ്പെടുത്തി നൽകേണ്ടതുമാണ്.** ഇത്തരത്തിൽ ലഭ്യമാകുന്ന റിലീവിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് മാത്രമേ ജീവനക്കാരെ സ്ഥലംമാറ്റം ലഭിച്ച ഓഫീസിൽ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന സമയം ഓഫീസ് മേലധികാരി പൊതു സ്ഥലംമാറ്റ സോഫ്റ്റ്‌വെയറിൽ ജോയിൻ ചെയ്യിപ്പിക്കേണ്ടതും സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും 7 ദിവസത്തിനകം ലഭ്യമാക്കേണ്ടതുമാണ്. ജോലിയിൽ വിടുതൽ ചെയ്യൽ / ജോലിയിൽ പ്രവേശിപ്പിക്കൽ എന്നിവ സോഫ്റ്റ്‌വെയർ മുഖേന നടപ്പിലാക്കാത്ത ഓഫീസ് മേധാവികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ് .

2025 ലെ പൊതു സ്ഥലംമാറ്റ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലംമാറ്റം, പ്രസ്തുത സ്ഥലംമാറ്റത്തിൻമേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പരിശോധിച്ച് അർഹരായവരുടെ സ്ഥലംമാറ്റം പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേയ്ക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടിയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ, അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അന്തിമ സ്ഥലംമാറ്റ പട്ടികയിന്മേൽ ആക്ഷേപമുള്ള പക്ഷം ആയതു സംബന്ധമായ അപ്പീലുകൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം പൊതു സ്ഥലംമാറ്റ സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈനായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്:
1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേധാവി മുഖേന)
2. ഡയറക്ടർ (റൂറൽ)-ന്റെ സി.എ. -യ്ക്ക്
3. ഡയറക്ടർ (അർബൻ)-ന്റെ സി.എ. -യ്ക്ക്
4. ചീഫ് എഞ്ചിനീയർ, LID&EW
5. ചീഫ് ടൗൺ പ്ലാനർ
6. അഡീഷണൽ ഡയറക്ടർ (ഇ&എ)
7. ജോയിന്റ് ഡയറക്ടർ (ഐ.ഇ. സെക്ഷൻ)
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. വകുപ്പിലെ എല്ലാ ഓഫീസ് മേധാവികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
11. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 25-06-2025 20:45:38